**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം - 1

എഡി.ബി2/194881/ഡി.ജി.ഇ/2021

**തീയതി : 15/02/2021**

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം - എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ, ഹയർസെക്കന്ററി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ, ലാബ് അസിസ്റ്റന്റ്മാർ എന്നിവരുടെ തസ്തികമാറ്റ നിയമനം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. G.O (P) No. 144/2001/G.Edn dated: 16/04/2001
2. G.O (P) No. 296/2015/G.Edn dated: 01/12/2015
3. G.O (P) No. 144/2016/G.Edn dated: 26/08/2016
4. 08/06/2018 തീയതിയിലെ 69366/U1/15/പൊ.വി നമ്പർ സർക്കാർ കത്ത്.
5. G.O (P) No. 2/2021/G.Edn dated: 30/01/2021

കേരളത്തിലെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ മൊത്തം ഹയർസെക്കന്ററി അധ്യാപക ജൂനിയർ തസ്തികയുടെ 25% തസ്തികകൾ (വിഷയാടിസ്ഥാനത്തിൽ) തസ്തികമാറ്റ നിയമനത്തിന് സൂചന (1) പ്രകാരം സംവരണം ചെയ്തിട്ടുണ്ട്. സൂചന (2), (3), (4) സർക്കാർ ഉത്തരവുകൾ/കത്ത് പ്രകാരം എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമന ക്വാട്ടയിലെ HSA, UPSA/LPSA, Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:5:5 എന്നിങ്ങനെ സബ് ക്വാട്ട അനുവദിച്ചും, എച്ച്.എസ്.എസ്.ടി,എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിലായി 01/01/2016 മുതൽ ഉണ്ടാകുന്ന തസ്തികമാറ്റ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുന്നതിനും സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കേരള പി.എസ്.സി മുഖേനയുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് കാലതാമസം നേരിടുന്നതിനാൽ, അക്കാദമിക താൽപര്യങ്ങൾ കണക്കിലെടുത്ത് എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിൽ നിന്നും 01/01/2016 മുതൽ 28/12/2020 വരെ തസ്തിക മാറ്റ നിയമനങ്ങൾക്കായി കേരള പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന നടത്തുന്നതിന് സൂചന (5) -ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

ആയതിനാൽ സൂചന (5) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ 01/01/2016 മുതൽ 28/12/2020 വരെ ഉണ്ടായ തസ്തികമാറ്റ നിയമനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള എച്ച്.എസ്.എസ്.ടി ജൂനിയർ ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമനത്തിനായി ഗവ. സ്കൂളുകളിലെ യോഗ്യരായ HSA, UPSA/LPSA അധ്യാപകരിൽ നിന്നും, പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും, ഹയർസെക്കന്ററി വിഭാഗം ലാബ് അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നും ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുന്നു.

സൂചന (1) ലെ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ച പ്രകാരം 28/12/2020 നുള്ളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയവർക്കും, ഇപ്പോൾ തുടരുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തവർക്കും (മിനിസ്റ്റീരിയൽ സ്റ്റാഫിന് എൻട്രി കേഡറിൽ) മാത്രമേ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിലേക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ. HSA, UPSA/LPSA, Lab Assistant തസ്തികകളിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയവർ നിലവിൽ ജോലിചെയ്യുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കേണ്ടതാണ്.

അപേക്ഷകർ ഇതിനായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന സോഫ്റ്റ്വെയറിൽ ഓൺലൈൻ മുഖേന മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അധ്യാപകർ www.hscap.kerala.gov.in എന്ന site ൽ login ചെയ്യുക. ഓപ്പൺ ആകുന്ന വിൻഡോയിൽ BY TRANSFER – Icon click ചെയ്യുക. Application registration click ചെയ്ത ശേഷം ആവശ്യമായ വിവരങ്ങൾ enter ചെയ്യുക.

2. Enter ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിലേക്ക് വരുന്ന OTP enter ചെയ്യുക. പുതിയ പാസ് വേർഡ് നൽകി ലോഗിൻ പ്രക്രിയ പൂർത്തിയാക്കാവുന്നതാണ്. ഒരു മൊബൈൽ നമ്പറിൽ നിന്ന് ഒരു Application മാത്രമേ സമർപ്പിക്കാൻ കഴിയുകയുള്ളൂ. ലഭിക്കുന്ന Application number കൃത്യമായും രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

3. ചോദ്യങ്ങൾ കൃത്യമായി വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പിന്നീടുള്ള തിരുത്തലുകൾ സാധ്യമല്ല.

അപേക്ഷയുടെ പ്രിന്റ് ഔട്ട് കോപ്പികളിൽ അപേക്ഷകന്റെ കൺട്രോളിംഗ് ഓഫീസർ (HM/AEO/DEO/RDD/Senior A.O) അപേക്ഷകൻ നൽകിയ വിവരം ശരിയാണെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ആയത് സർട്ടിഫിക്കറ്റ് പരിശോധന വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യാനുള്ള രേഖകൾ

1. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (PG, B.Ed, SET/Special Rules –ൽ നിഷ്കർഷിച്ചിട്ടുള്ള മറ്റ് യോഗ്യത)
2. Post Graduate Mark list (Not less than 50%)
3. കേരളത്തിനു പുറത്തുനിന്നുള്ള യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ യോഗ്യതകളാണെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ Equivalency Certificate.
4. കറസ്പോണ്ടൻസ് വഴിയാണ് വിദ്യാഭ്യാസ യോഗ്യത നേടിയതെങ്കിൽ കേരളത്തിലെ ഏതെങ്കലും സർവ്വകലാശാലയിൽ നിന്നും നേടിയ Equivalency Certificate.
5. Course Certificate.
6. Service Certificate.
7. ഇപ്പോൾ തുടരുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഓർഡർ. (മിനിസ്റ്റീരിയൽ ജീവനക്കാർ എൻട്രി കേഡറിൽ പ്രൊബേഷൻ പൂർത്തിയാക്കിയ ഉത്തരവ്)
8. പി.എസ്.സി അഡ്വൈസ് ഓർഡർ
9. ഡി.ഡി (എഡ്യൂക്കേഷൻ) / ഡി.ഇ.ഒ നൽകിയ നിയമന ഉത്തരവ്.
10. IGNOU B.Ed നേടിയവർ രണ്ട് വർഷത്തെ അധ്യാപക പരിചയത്തിന് ശേഷമാണ് ബി.എഡ് എടുത്തത് എന്ന കൺട്രോളിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

മുകളിൽ പറഞ്ഞ അനുബന്ധരേഖകൾ സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ ഹാജരാക്കാത്ത പക്ഷവും, അപേക്ഷയിൽ എന്തെങ്കിലും തെറ്റായ വിവരം നൽകി സീനിയോരിറ്റി ലിസ്റ്റിൽ ഇടം നേടിയതാണെന്ന് പിന്നീട് കണ്ടെത്തിയാലും, HSA, UPSA യിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ നിലവിൽ HSA, UPSA കാറ്റഗറിയിൽ ജോലി ചെയ്ത് വരുന്ന അധ്യാപകർ (ബൈ ട്രാൻസ്ഫർ മുഖേന HSA, UPSA യിൽ പ്രവേശിച്ചവർ ആണെങ്കിൽ) പഴയ കാറ്റഗറിയിൽ - നിന്നും ഒരു കാരണവശാലും അപേക്ഷിക്കാൻ പാടുള്ളതല്ല. അത്തരം അപേക്ഷകൾ മറ്റൊരറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതാണ്.

വിഷയങ്ങളും, തസ്തികമാറ്റ നിയമനത്തിന് ലഭ്യമായ ഒഴിവുകളും

**By Transfer Appointment from HSA, UPSA/LPSA, Ministerial Staff (HSE) Lab Assistant**

**(Vacancies from 01/01/2016 to 28/12/2020)**

| Subject | No. of Vacancies |
|---|---|
| | HSST (Jr) |
| Botany | 39 |
| Sociology | 10 |
| Kannada | 05 |
| Mathematics | 55 |
| Commerce | 84 |
| Geography | 07 |
| Zoology | 55 |
| Computer Science | 21 |
| Hindi | 42 |
| Arabic | 15 |
| Urdu | 03 |
| Tamil | 01 |
| History | 07 |
| Political Science | 18 |
| Economics | 15 |
| Statistics | 01 |
| Malayalam | 50 |
| Sanskrit | 01 |
| Journalism | 01 |
| Physics | 50 |
| Chemistry | 15 |
| English | 54 |

ഓൺലൈൻ മുഖേന തസ്തികമാറ്റ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി : 22/02/2021, 5 PM. സമയ പരിധി ദീർഘിപ്പിക്കുന്നതല്ല. സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ മാത്രം അസ്സൽ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

**(സൈറ്റ് അഡ്രസ്സ് :** www.hscap.kerala.gov.in)

**ഒപ്പ്/-**
**ജീവൻ ബാബു കെ, ഐഎഎസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**